**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം .T622

09.07.2014 ൽ മറുപടിക്ക്

## ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ**<br>**ശ്രീ. പി.റ്റി.എ റഹീം**<br>**ശ്രീമതി കെ.കെ.ലതിക**<br>**ശ്രീ. എസ്.ശർമ്മ** | **ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ആധാർ കാർഡിനായി സംസ്ഥാനത്തെ മൂന്ന് കോടി വ്യക്തികളിൽ നിന്ന് ശേഖരിച്ച ബയോമെട്രിക് വിവരങ്ങൾ സ്വകാര്യ ഏജൻസിക്ക് നിയമ വിരുദ്ധമായി കൈ മാറിയത് സംബന്ധിച്ച് അന്വേഷണം നടത്തുക യുണ്ടായിട്ടുണ്ടോ ; | (എ) ആധാർ കാർഡിനായി സംസ്ഥാനത്തെ മൂന്ന് കോടി വ്യക്തികളിൽ നിന്ന് ശേഖരിച്ച ബയോമെട്രിക് വിവരങ്ങൾ സ്വകാര്യ ഏജൻസിക്ക് നിയമവിരുദ്ധമായി കൈ മാറിയിട്ടില്ല. ഇത് സംബന്ധിച്ച പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ കേരള സംസ്ഥാന ഐ.ടി മിഷനിൽ നിന്നും കെൽട്രോണിൽ നിന്നും വിശദീകരണം വാങ്ങിയിരുന്നു. |
| (ബി) ആധാർ കാർഡിനായി വിവരങ്ങൾ യു.ഐ.ഡി അതോറിറ്റിക്ക് കൈമാറാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; വിവരങ്ങൾ സ്വന്തമായി സൂക്ഷിക്കാൻ സംസ്ഥാനം പ്രത്യേക അനുമതി വാങ്ങിയ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) ആധാർ-നായി ശേഖരിക്കുന്ന വിവരങ്ങൾ എല്ലാം തന്നെ UID - അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ വിവരങ്ങൾ UID അതോറിറ്റിയുടെ കേന്ദ്ര സെർവറിലേക്ക് എത്തിച്ചെങ്കിൽ മാത്രമേ അത് പ്രോസസ്സ് ചെയ്ത് ആധാർ നമ്പർ ലഭിക്കുകയുള്ളൂ. UID കേന്ദ്ര അതോറിറ്റി സംസ്ഥാന രജിസ്ട്രാർ മാർക്ക് encrypt ചെയ്ത് സുരക്ഷിതമാക്കിയ UID വിവരങ്ങൾ സൂക്ഷിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. |
| (സി) സർക്കാർ സംവിധാനത്തിൽ സൂക്ഷിക്കേണ്ടിയിരുന്ന സെർവറും സോഫ്റ്റ് വെയറും എങ്ങനെ സ്വകാര്യ സ്ഥാപനത്തിലെത്തിയെന്ന് വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; വീഴ്ച വരുത്തിയവർക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (സി) ആധാറുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സോഫ്റ്റ് വെയറുകളും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സെർവറുകളും കേരള സംസ്ഥാന ഐ.ടി. മിഷന്റെ പൂർണ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ വിവരങ്ങൾ ഒന്നും തന്നെ മറ്റൊരു ഏജൻസിക്ക് കൈമാറാൻ പറ്റുന്നതല്ല. സംസ്ഥാനത്തെ എല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും വിവിധ തരം ആപ്ലിക്കേഷനുകളും സെർവറുകളും വെബ് സൈറ്റുകളും ഇതേ ഡാറ്റാ സെന്ററിൽ തന്നെയാണ് സുരക്ഷിത മാക്കിയിട്ടുള്ളത്. |
| (ഡി) ഇവ പൂർണ്ണമായും സർക്കാർ സംവിധാനത്തിലേക്ക് മാറ്റി സൂക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) ആധാറുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൂർണമായും സർക്കാർ സംവിധാനത്തിലാണ് സൂക്ഷിച്ചുവരുന്നത് . |

സെക്ഷൻ ഓഫീസർ